ക്കുന്നതിനിടയാക്കിയ സാഹചര്യത്തെപ്പറ്റി പറയുകയാണ്. ബഡ്ജറ്റിൽ കൊള്ളിച്ചിരുന്ന തുക എടുത്തു കളഞ്ഞിട്ട് ഇതിവിടെ ഉന്നയിപ്പിക്കരുതായിരുന്നു. കോൺഗ്രസ്സിൽപ്പെടുന്ന ആളുകൾ എനിയ്ക്കെതിരായി പ്രക്ഷോപണം നടത്താൻ ഒരു കമ്മിറ്റിയേയും ഫോം ചെയ്തു. ആ വിധത്തിലുള്ള ഒരു നീക്കം വന്നിരിക്കുന്നു. അതുകൊണ്ട് ഈ രണ്ടു റോഡുകളും ഈ രണ്ടു പാലങ്ങളും തീർക്കുന്നതിന് അതിനേറ്റായിട്ടുള്ള എസ്റ്റിമേറ്റുകളും മാറ്റും എടുത്ത് ഉടൻതന്നെ പണിയാരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : സർ, ഇവിടെ കിട്ടിയ നോട്ടീസിൽ രണ്ട് പാലങ്ങളെക്കുറിച്ച് മാത്രമേ പറഞ്ഞിട്ടുള്ളൂ. പാലടിച്ചന്ത-പള്ളിത്തോട് റോഡിലുള്ള പള്ളിത്തോട് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പോലും നടന്നിട്ടില്ല, അതു സംബന്ധമായ ഫയൽ സൂപ്രണ്ടിംഗ് എൻജിനീയറുടെ ഓഫീസിൽ കെട്ടിക്കിടക്കുകയാണ്എന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്. അതു ശരിയല്ല. ഇതിന്റെ ഇൻവെസ്റ്റിഗേഷനെല്ലാം കഴിഞ്ഞു. അതിന്റെ ഡിസൈനിംഗും പൂർത്തിയായിക്കഴിഞ്ഞു. ഇനി അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകി പണി ആരംഭിച്ചാൽമതി. അതിന് പതിനായിരം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം മുറപോലെ നടക്കും. കമ്പനാംതുരത്ത് പാലത്തിനെ സംബന്ധിച്ച പ്രപ്പോസൽ ഇപ്പോൾ ഗവൺമെന്റിനില്ല. അതൊരു പഞ്ചായത്തുറോഡാണ്. അതുകൊണ്ട് അവിടെയിപ്പോൾ പാലം കെട്ടാനുള്ള പ്രപ്പോസലില്ല.

(14) കയർ മേഖലയിലെ തകർച്ച

ശ്രീ. തച്ചടി പ്രഭാകരൻ : സർ, കേരളത്തിലെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായമായ കയർവ്യവസായത്തിൽ 5 ലക്ഷത്തോളം ആളുകൾ പണിയെടുക്കുന്നുണ്ട്. ഈ വ്യവസായം ഇന്ന് ഗുരുതരമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. കയർ വ്യവസായം പുനഃസംഘടിപ്പിക്കുന്നതിനു വേണ്ടി സഹകരണമേഖല ഈ രംഗത്ത് വരണമെന്ന് കേന്ദ്രഗവൺമെന്റും സംസ്ഥാനഗവൺമെന്റും ആഗ്രഹിച്ചിട്ടുള്ളതാണ്. എന്നാൽ ഇന്ന് മാർക്കറ്റിംഗ് ഫെഡറേഷനിൽ ഏകദേശം 5.68 കോടി രൂപയുടെ കയറും പ്രാഥമിക സഹകരണസംഘങ്ങളിൽ ഒന്നര കോടി രൂപയുടെ കയറും വിറ്റഴിയാതെ കെട്ടിക്കിടക്കുകയാണ്. സഹകരണമേഖലയിൽ മാത്രമല്ല, സ്വകാര്യ മേഖലയിലും കയർ വിറ്റഴിയാതെ കെട്ടിക്കിടക്കുകയാണ്. ഈ ഗുരുതരമായ പ്രതിസന്ധിയിൽ ഗവൺമെന്റിന്റെ അടിയന്തിരശ്രദ്ധ പതിയേണ്ടതാണ് ഏറ്റവും വലിയ ആവശ്യം. ഇന്ന് കെട്ടിക്കിടക്കുന്ന കയർ വിറ്റഴിക്കാൻ മാർക്കറ്റില്ല. പ്രാഥമിക സഹകരണ സംഘങ്ങൾ കയറിന് വില കൊടുക്കാതിരിക്കുന്നതുകൊണ്ട് തൊഴിലാളികൾക്ക് കൂലി കൊടുക്കാനും നിവൃത്തിയില്ല. ജനുവരി മുതൽ മേയ്വരെ തൊണ്ട് സംഭരിക്കേണ്ട സീസണാണ്. എന്നാൽ തൊണ്ട് സംഭരിക്കാൻ പ്രാഥമിക സഹകരണസംഘങ്ങൾക്ക് കഴിയാത്ത ഒരു ദുഃസ്ഥിതിയുണ്ടായിരിക്കുകയാണ്. അതിന് പരിഹാരം കാണേണ്ടതു ഏറ്റവും വലിയ ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ ഈ പരമ്പരാഗതവ്യവസായം സ്തംഭിച്ചതിന്റെ ഫലമായി തീരദേശം മുഴുവൻ പട്ടിണിയിലാണ്. 1981-82-ൽ ഇതുപോലുള്ള ഗുരുതരമായ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിവിശേഷം ഉണ്ടാകുകയുണ്ടായി. അന്ന് സംസ്ഥാന ഗവൺമെന്റ് ഡിസ്ട്രസ് പർച്ചെയ്സിന് ഒരു കോടി 75 ലക്ഷം രൂപ നീക്കിവയ്ക്കുകയുണ്ടായി. സഹകാര്യ മേഖലയിൽ നിന്നും സഹകരണമേഖലയിൽ നിന്നും കയർ വാങ്ങുവാൻ നടപടി സ്വീകരിച്ച്. ഇന്ന് ഈ കയർ വിറ്റഴിയാതിരിക്കുന്നതുകൊണ്ട് നബാർഡിൽ നിന്നും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും സാമ്പത്തിക സഹായം സാദ്ധ്യമല്ലാത്ത രീതിയിയിലാണ് ഇതിന്റെ ഫിനാൻസ് കണ്ടീഷൻ. അതിന്റെ പ്രധാനകാരണം, ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം ഏകദേശം ഒരു കോടി രൂപ കയർ പൊതുമേഖലാ സ്ഥാപനങ്ങളായ ഫോം മാറ്റിംഗിനും, കയർവികസന കോർപ്പറേഷനും കൊടുത്തതിന്റെ കാശ് ഇതുവരെ കിട്ടിയിട്ടില്ല. ഫോംമാറ്റിംഗിൽ മൂന്നര വർഷമായി പണിയില്ലാതെ കിടക്കുകയാണ്. അവിടെ പെട്രോൾ വാങ്ങാനുള്ള പൈസ പോലും ഇല്ലായെന്നുള്ള കാര്യം ഈ സഭയിൽ പലരും പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് കയർവ്യവസായരംഗം തകർച്ചയിൽ നിന്നു രക്ഷിക്കുന്നതിന് ഗവൺമെന്റ് അടിയന്തിരമായി ശ്രദ്ധിക്കണം. സർ, അങ്ങയുടെ പിതാവ് വളരെക്കാലം പ്രാഥമിക കയർ സഹകരണസംഘത്തിന്റെ പ്രസിഡൻറായിരുന്നയാളാണ്. അതുകൊണ്ട് അങ്ങേയ്ക്കും അതിന്റെ വിഷമതകൾ അറിയാമായിരിക്കും. അതുകൊണ്ട് സഹകരണസംഘങ്ങൾക്ക് എങ്ങനെ ഫിനാൻസ് ഉണ്ടാക്കാമെന്നുള്ള കാര്യത്തിൽ ഗവൺമെന്റിന്റെ അടിയന്തിര ശ്രദ്ധപതിയണം. സഹകരണസംഘങ്ങളെ ആകെ ബാധിക്കുന്ന രീതിയിൽ കേന്ദ്രഗവൺമെന്റ് ലെവിസമ്പ്രദായം നടപ്പിലാക്കുമെന്ന് ധനകാര്യമന്ത്രിബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. ലെവിറെക്കറിംഗ് പോയിന്റിൽ നിന്ന് തൊണ്ട് സഹകരണസംഘങ്ങൾക്ക് കൊടുക്കാമെന്നു വിചാരിച്ചാൽ കരുണാകരൻ ഗവൺമെന്റ് എന്നല്ല ഏതു ഗവൺമെന്റ് വിചാരിച്ചാലും സാധിക്കാത്ത കാര്യമാണ്. അതുകൊണ്ട് തൊണ്ട് കച്ചവടക്കാരിൽ നിന്ന് 3 പോയിന്റ് ലെവി സംഭരിക്കുന്ന കാര്യത്തിൽ അടിയന്തിര ശ്രദ്ധയുണ്ടാകണം. റെക്കറിംഗ് പോയിന്റിൽ നിന്നുമാത്രമാണ് ലെവി സംഭരിക്കാൻ പോകുന്നതെന്നാണ് പറയുന്നത്. നമ്മുടെ സഹകരണസംഘങ്ങൾ പ്രവർത്തിക്കാൻ വയ്യാത്ത സാഹചര്യം ഉണ്ടാകുമെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കയർ വ്യവസായരംഗത്ത് ഒരു പുതിയ പ്രതിഭാസം ഉണ്ടായിരിക്കുകയാണ്. 1983-84-ൽ വരുംച്ചമൂലം ചകിരി സംഭരണത്തിൽ വളരെയധികം കുറവുണ്ടായി. 1984-85-ൽ കയർവ്യവസായത്തെ സംബന്ധിച്ചിടത്തോളം ഒരു കുതിച്ചുചാട്ടം തന്നെ ഉണ്ടാകുകയുണ്ടായി. മിക്കവാറും എല്ലാ സൊസൈറ്റികളിലും കയർ കെട്ടിക്കിടക്കാതെ വിറ്റഴിക്കാൻ സാധിച്ചു. അതോടൊപ്പം തന്നെ വളരെയധികം ചകിരി സംഭരിക്കാനും, അത് സൊസൈറ്റികൾക്ക് എത്തിച്ചുകൊടുക്കാനും കഴിഞ്ഞു. വീണ്ടും 1985 നവംബർ മുതൽ ഈ രംഗത്ത് കയർ കെട്ടിക്കിടക്കാൻ തുടങ്ങി. അതിനൊരു കാരണം ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ഫെഡറേഷന്റെ പർച്ചെയ്സിംഗ് പ്രൈസ് വളരെ കൂടുതലാണെന്നാണ്. ഇൻറർനാഷണൽ പ്രൈസുമായി കമ്പയർ ചെയ്യുമ്പോൾ നമ്മുടെ പ്രൈസ് കൂടുതലാണ്. പർച്ചെയ്സ് പ്രൈസ് അധികമായാൽ ചകിരി വാങ്ങാതെ കെട്ടിക്കിടക്കാൻ ഇടയാകുമെന്നുള്ളതുകൊണ്ട് പർച്ചെയ്സ് പ്രൈസ് കുറയ്ക്കേണ്ടതാണെന്ന് ഗവൺമെന്റ് ഫെഡറേഷനെ മുമ്പ് അറിയിച്ചിരുന്നു.

ഇക്കഴിഞ്ഞ വർഷം സഹകാര്യമാർക്കറ്റിൽ കയറിന് വില കൂടിയപ്പോൾ കയർ സഹകാര്യമാർക്കറ്റിൽ വിറ്റു. അതേയവസരത്തിൽ സഹകാര്യമാർക്കറ്റിൽ വില കുറയുമ്പോൾ അതു മുഴുവൻ ഫെഡറേഷൻ എടുക്കേണ്ട ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതി വിശേഷമുണ്ട്. ചുരുക്കത്തിൽ ഇതെല്ലാം ഡംപ് ചെയ്യാനുള്ള ഗോഡൗണായി ഫെഡറേഷൻ മാറിയിരിക്കുന്ന സ്ഥിതിവിശേഷം ഉണ്ടായി എന്നുള്ളതു് ഒരു ദു:ഖസത്യമാണ്. എന്നാൽ ഇന്നത്തെ സ്ഥിതിയെ സംബന്ധിച്ച് ഗവൺമെൻറ് ബോധവാനാണ്. ഇതിൽ എന്തുചെയ്യണമെന്നതിനെ സംബന്ധിച്ച് ഗവൺമെൻറ് സജീവമായി പരിഗണിച്ചുവരികയാണ്. ഇതിൽ ഇതുവരെ ഫെഡറേഷൻ ആവശ്യപ്പെട്ട ഗാരൻറി ഗവൺമെൻറ് നൽകി. ഡിസ്ട്രസ് പർച്ചെയ്സ് പോലെയുള്ള കാര്യങ്ങളും ചെയ്യുവാൻ സാധിക്കുമോയെന്നുള്ള കാര്യം പരിശോധിച്ചുവരികയാണ്. ഫെഡറേഷൻ ചെയർമാനേയും മറ്റുള്ളവരേയും ഉൾപ്പെടുത്തിക്കൊണ്ട്, മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്തു തീരുമാനം എടുക്കാൻ നടപടികളും എടുത്തുവരികയാണ്. ബഹുമാനപ്പെട്ട മെമ്പർ ലെവിയെ സംബന്ധിച്ച് പറഞ്ഞു. സഭയിൽ മുമ്പ് പറഞ്ഞിട്ടുള്ളതുപോലെ ലെവി സംമ്പ്രദായത്തിനുള്ള അനുമതി ലഭിച്ചുകഴിഞ്ഞു നടപ്പിലാക്കുമ്പോൾ വല്ല പ്രയാസങ്ങളും ഉണ്ടെങ്കിൽ നിശ്ചയമായും അത് അപ്പോൾ കൂടിയാലോചന വഴി പരിഹരിക്കാവുന്നതാണ്.

(15) കേരള യൂണിവേഴ്സിറ്റി സെനറ്റ് യോഗം

ശ്രീ. രമേശ് ചെന്നിത്തല : സർ, കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസരംഗത്ത് ഒരു ഗുരുതരമായ പ്രതിസന്ധി വന്നിരിക്കുന്നത് ചൂണ്ടിക്കാണിക്കാൻവേണ്ടിയാണ് ഞാൻ ഇവിടെ നിൽക്കുന്നത്. കേരള സർവ്വകലാശാലയുടെ സെനറ്റ് യോഗം കഴിഞ്ഞ രണ്ടുദിവസമായി നടക്കുകയായിരുന്നു. യൂണിവേഴ്സിറ്റിയുടെ ബഡ്ജറ്റ് പാസ്സാക്കുന്നതിനുവേണ്ടിയുള്ള ബഡ്ജറ്റ് സമ്മേളനമായിരുന്നു കഴിഞ്ഞ രണ്ടുദിവസവും നടന്നത്. എന്നാൽ ഈ ബഡ്ജറ്റ് സമ്മേളനം പൂർത്തിയാക്കാനോ, ബഡ്ജറ്റ് പാസ്സാക്കാനോ കഴിയാതെ യൂണിവേഴ്സിറ്റിയുടെ സെനറ്റ് യോഗം അനിശ്ചിതകാലത്തേക്ക് പിരിഞ്ഞുവെന്നുള്ളതു് പത്രങ്ങളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ഞാൻ ഒരു സെനറ്റ് മെമ്പറാണ്. ആദ്യദിവസത്തെ സമ്മേളനത്തിൽ ഞാൻ പങ്കെടുത്തതാണ്. ആ സെനറ്റ് യോഗത്തിൽ മൂന്നുപേർ ബഡ്ജറ്റിനെ അനുകൂലിച്ചും മൂന്നുപേർ എതിർത്തുമാണ് പ്രസംഗിച്ചത്. അതിനുശേഷം വൈസ്ചാൻസലർ പറഞ്ഞു ഒന്നരമണിയായതുകൊണ്ട് പിറ്റേദിവസം യോഗം ചേരുന്നതാണ്, അന്ന് കൂടുതൽ ആളുകൾക്ക് സംസാരിക്കാം, ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുക്കാമെന്ന്. അന്നു രാവിലെ അടിയന്തിരപ്രമേയം അവതരിപ്പിക്കാനുള്ള നോട്ടീസ് കൊടുത്തിരുന്നു. കേരളാ യൂണിവേഴ്സിറ്റിയുടെ സ്റ്റാറ്റ്യൂട്ട് ചാപ്റ്റർ 4, സ്റ്റാറ്റ്യൂട്ട് 7, സബ് സെക്ഷൻ 2 (7) അനുസരിച്ച് ഒരിക്കൽ ഒരു വിഷയം സെനറ്റിൽ ചർച്ച ചെയ്താൽ പിന്നെ 12 മാസം കഴിയാതെ ആ വിഷയത്തെപ്പറ്റി ചർച്ചയ്ക്ക് എടുക്കാനുള്ള അനുവാദം കൊടുക്കരുതെന്നാണ് ഈ ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ 1985 ഡിസംബർ 20, 21 തീയതികളിൽ സെനറ്റ് ചർച്ച ചെയ്ത പ്രീ-ഡിഗ്രി ബോർഡിന്റെ നിർദ്ദേശം ഗവൺമെൻറ് ഉപേക്ഷിക്കണമെന്നുള്ള പ്രമേയം വീണ്ടും ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു അടിയന്തിരപ്രമേയം അവിടെ അവതരിപ്പിക്കുകയുണ്ടായി. യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് പ്രകാരം ഈ വിഷയം ചർച്ചയ്ക്ക് എടുക്കാൻ നിയമപരമായി യാതൊരു സാഹചര്യവുമില്ലാതിരുന്നെങ്കിൽപോലും വൈസ്ചാൻസലർ അത് ചർച്ചയ്ക്ക് എടുക്കണമെന്ന് അഭിപ്രായപ്പെടുകയാണുണ്ടായത്. അതേസമയം ഉത്തരവാദപ്പെട്ട വിദ്യാർത്ഥി

LIBRARY ARCHIVES Kerala Legislative Assembly